LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

ഏഴാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

1986 നവംബർ 13, വ്യാഴം

വാല്യം LXVIII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 18

നിയമസഭ 1986 നവംബർ 13-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേമ്പറിൽ കൂടി.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രായ്ക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

സാമൂഹ്യവനവൽക്കരണ പരിപാടി അനുസരിച്ച് വെച്ചുപിടിപ്പിച്ച വൃക്ഷത്തൈകളുടെ അതിജീവന ശതമാനം

* 331. [357] ശ്രീ. പി.വി. കുഞ്ഞിക്കണ്ണൻ :
,, എ.കെ. പത്മനാഭൻ :
,, സി.ടി. കൃഷ്ണൻ :
,, ടി.കെ. അബ്ദു :
,, ജി. വരദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യവനവൽക്കരണ പരിപാടിയനുസരിച്ച് വെച്ചുപിടിപ്പിക്കുന്ന വൃക്ഷത്തൈകളുടെ അതിജീവന ശതമാനം നിർണ്ണയിക്കാൻ സർവ്വെ നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) :

(എ) ഉണ്ട്.

(ബി) 1983-ൽ രാജഗിരി കോളേജിലെ 'സോഷ്യൽ സയൻസ്' വിഭാഗത്തിലെ ഇൻവെസ്റ്റിഗേറ്റർമാരും 1985-ൽ എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലെ ഇൻവെസ്റ്റിഗേറ്റർമാരും രാജഗിരി ലയോള കോളേജുകളിലെ സോഷ്യൽ സയൻസ് വിഭാഗം വിദ്യാർത്ഥികളും

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റും സാമൂഹ്യവനവൽക്കരണ വിഭാഗത്തിലെ മോണിറ്ററിംഗ് ആൻഡ് എവാലുവേഷൻ യൂണിറ്റും ചേർന്നു സർവ്വേ നടത്തുകയുണ്ടായി. സർവ്വേയുടെ അടിസ്ഥാനത്തിൽ തിട്ടപ്പെടുത്തിയ വൃക്ഷത്തൈകളുടെ അതിജീവന ശതമാനം താഴെപ്പറയുന്നു.

വിതരണം ചെയ്ത വൃക്ഷത്തൈകൾ :—

1982	—	48 ശതമാനം
1983	—	38 ശതമാനം
1984	—	44 ശതമാനം

സർക്കാർ വക തോട്ടങ്ങളിൽ ഈ പദ്ധതിയനുസരിച്ച് നട്ട തൈകളുടെ അതിജീവന ശതമാനം

1982	—	54 ശതമാനം
1983	—	57 ശതമാനം
1984	—	81 ശതമാനം
1985	—	85 ശതമാനം

ശ്രീ. പി.വി. കുഞ്ഞിക്കണ്ണൻ : എങ്ങനെ കണക്കാക്കിയിട്ടാണ് 87 ശതമാനവും, 81 ശതമാനവും ഉണ്ടെന്ന് പറയുന്നത് ? ആകെ എത്ര വൃക്ഷം വച്ച് പിടിപ്പിച്ചു ? അതിൽ ഇപ്പോൾ എത്ര നിലവിലുണ്ട് എന്നൊക്കെയുള്ളതിന്റെ കണക്ക് എങ്ങനെയാണ് തിട്ടപ്പെടുത്തുന്നത് എന്ന് ഒന്ന് വ്യക്തമാക്കാമോ ?

ശ്രീ. കെ.പി. നൂറുദ്ദീൻ : ഞാൻ ആദ്യം വായിച്ചത് 1982 മുതലുള്ളത് തന്നെയാണ്. 17 കോടിയിൽപ്പരം വൃക്ഷത്തൈകളാണ് വിതരണം ചെയ്തിട്ടുള്ളത്. അതിൽ കൃഷിക്കാർക്ക് വിതരണം ചെയ്ത തൈകളുടെ കണക്കാണ് ആദ്യം ഞാൻ വായിച്ചത്. അതായത് 48,38,44. ഗവൺമെന്റുടമയിൽ വച്ച് വളർത്തിയതിന്റേതാണ് 54,57,81, 85 ശതമാനമായിട്ട്, ഞാൻ വായിച്ചത്.

ശ്രീ. പി.വി. കുഞ്ഞിക്കണ്ണൻ : കൃഷിക്കാർക്ക് കൊടുത്ത തൈകൾ അവരുടെ കുടികളിൽ എത്ര ബാക്കിയുണ്ടെന്ന് ഏത് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടാണ് പരിശോധിച്ചത് ? അങ്ങനെ വല്ല പരിശോധനയും നടന്നിട്ടുണ്ടോ ? ഏതെങ്കിലും കൃഷിഭൂമിയിൽ ചെന്ന് കൃഷിക്കാരൻ കൊണ്ടുപോയ തൈകൾ എത്ര ശേഷിക്കുന്നുണ്ടെന്ന് നോക്കിയിട്ടുള്ള കണക്കാണോ ഇവിടെ പറയുന്നത് ? യഥാർത്ഥത്തിൽ വച്ചുപിടിപ്പിക്കപ്പെട്ട തൈകളിൽ ഭൂരിഭാഗവും ഇപ്പോൾ നിലവിലില്ല എന്ന് പറയുന്നതല്ലേ ശരി ?

ശ്രീ. കെ.പി. നൂറുദ്ദീൻ : വിതരണം ചെയ്ത വൃക്ഷത്തൈകളുടെ അതിജീവന ശതമാനം തിട്ടപ്പെടുത്തുന്നതിനുവേണ്ടി നിശ്ചയിച്ച ഏജൻസികളുടെ പേര് ഞാൻ ആദ്യം വായിച്ചു. അതായത് രണ്ടു കോളേജിലെ സയൻസ് വിഭാഗക്കാർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിലെ ആൾക്കാർ, വനംവകുപ്പുദ്യോഗസ്ഥൻമാർ എന്നിവർ ചേർന്ന് ഒരു സാംപിൾ പരിശോധന നടത്തിയാണ് ഈ കണക്കെടുത്തിട്ടുള്ളത്.

ശ്രീ. എ.കെ. പത്മനാഭൻ : 1985-86-ൽ ഈ സാമൂഹ്യ വനവൽക്കരണ പരിപാടിക്കുവേണ്ടി എത്ര സംഖ്യയാണ് നീക്കിവച്ചത് ? അതിൽ എത്ര സംഖ്യ ചെലവഴിച്ചെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.പി. നൂറുദ്ദീൻ : അതിജീവന ശതമാനത്തിന്റെ കണക്കാണ് ഇപ്പോഴുള്ളത്. ഈ ചോദ്യത്തിന്റെ കണക്കെടുത്തിട്ടില്ല.

ശ്രീ. എ. കെ. പത്മനാഭൻ : വച്ചുപിടിപ്പിച്ച വൃക്ഷവും അത് വച്ചുപിടിപ്പിച്ച സ്ഥലവും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ ? നമ്മുടെ സംസ്ഥാനത്ത് വച്ചുപിടിപ്പിച്ച തൈകൾക്ക് അതിന്റെ അഞ്ചിരട്ടി സ്ഥലം ഉപയോഗിക്കേണ്ടിവരുമെന്നും, ഇത് തമ്മിൽ യാതൊരു ബന്ധവുമില്ലെന്നുമുള്ള പത്രറിപ്പോർട്ട് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ?

ശ്രീ. കെ.പി. നൂറുദ്ദീൻ : ലോകബാങ്കിന്റെ സഹായത്തോടുകൂടി നടത്തുന്ന പദ്ധതിയിലൂടെ നമ്മൾ തെരഞ്ഞെടുത്തിട്ടുള്ള 85,000 ഹെക്ടർ സ്ഥലം, അത് കേരളത്തിൽ ഇന്നയിന്ന സ്ഥലങ്ങളാണെന്ന് കൃത്യമായി തിട്ടപ്പെടുത്തിയിട്ടുണ്ട്. ലോകബാങ്ക് ടീം ആ സ്ഥലങ്ങളെല്ലാം പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിലാണ് അവർ സാങ്ഷൻ ചെയ്തിട്ടുള്ളത്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതു പോലെ നമ്മുടെ പദ്ധതിയെക്കുറിച്ച് ഇതുപോലെ ചില അഭിപ്രായങ്ങൾ വന്നിട്ടുണ്ട്. പക്ഷേ ആ അഭിപ്രായങ്ങൾ രേഖപ്പെടുത്തിയ സാമൂഹ്യ സംഘടനകളുമായിട്ടും പിന്നീട് ഇതിനെക്കുറിച്ച് ചർച്ച നടത്തിയിട്ടുണ്ട്.

ശ്രീ. സി.ടി. കൃഷ്ണൻ : നാഷണൽ ഹൈവേയുടെ ഇരുഭാഗങ്ങളിലും വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നതിന് നാഷണൽ ഹൈവേയുടെ ഡിപ്പാർട്ടുമെന്റുമായിട്ട് വനംവകുപ്പ് ആലോചിക്കുകയോ അവരുടെ സമ്മതം വാങ്ങിക്കുകയോ ചെയ്തിട്ടില്ലെന്നും അതുകൊണ്ട് ആ റോഡിന്റെ ഇരുവശങ്ങളിലുമുള്ള വൃക്ഷത്തൈകൾ അവർ വെട്ടിമാറ്റാൻ നിർദ്ദേശിച്ചിരിക്കുന്നുവെന്നും അറിയുന്നത് ശരിയാണോ ? അതിനെപ്പറ്റി ഗവൺമെന്റിന് വല്ല വിവരവുമുണ്ടോ ? അതിനെപ്പറ്റി ഒന്ന് അന്വേഷിക്കുമോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : അവരുമായിട്ട് ആലോചിച്ചിട്ടില്ലെന്ന് പറയുന്നത് ശരിയല്ല. സ്റ്റേറ്റ് ലവൽ സോഷ്യൽ ഫോറസ്ട്രിക്ക് ഒരു കമ്മിറ്റിയുണ്ട്. സ്റ്റേറ്റിലെ നാഷണൽ ഹൈവേയുടെ ചീഫ് എൻജിനീയറും, മറ്റ് ചീഫ് എൻജിനീയറുമെല്ലാം അതിൽ അംഗങ്ങളാണ്. ആ കമ്മിറ്റിയാണ് ഓരോ കൊല്ലവും യോഗം ചേർന്നിട്ട് അതാത് കൊല്ലത്തെ പ്രവർത്തനങ്ങൾക്ക് രൂപം നൽകുന്നത്. ഓരോ ഡിപ്പാർട്ടുമെന്റും അവരുടെ അഭിപ്രായം ആ കമ്മിറ്റിയിൽ സാധാരണ പറയാറുണ്ട്. ഇങ്ങനെ ഒരു അഭിപ്രായം ആ കമ്മിറ്റിയിൽ രേഖപ്പെടുത്തിയതായി അറിവില്ല.

ശ്രീ. സി.ടി. കൃഷ്ണൻ : ഇവിടെ പറഞ്ഞ ശതമാനവും സത്യവുമായി എത്ര ബന്ധമുണ്ടെന്ന് പറയാൻ സാധിക്കുകയില്ല. ഞാൻ ആദ്യം ചോദിച്ചത് നാഷണൽ ഹൈവേ ഡിപ്പാർട്ടുമെന്റുകാർ ഇതെല്ലാം വെട്ടിമാറ്റുന്നതിന് വേണ്ടി നിർദ്ദേശം കൊടുത്തിരിക്കുന്നു, അവരോട് യാതൊരു അനുവാദവും വാങ്ങിയിട്ടില്ല, അതിനെപ്പറ്റി വല്ല വിവരവും ഉണ്ടോ എന്നാണ് ഞാൻ ആദ്യം ചോദിച്ചത്.

ശ്രീ. കെ.പി. നൂറുദ്ദീൻ : ആദ്യമേ ഞാൻ പറഞ്ഞു നാഷണൽ ഹൈവേ ചീഫ് എൻജിനീയർ ഉൾപ്പെടുന്നതാണ് സ്റ്റേറ്റ് ലെവൽ സോഷ്യൽ ഫോറസ്ട്രി കമ്മിറ്റി എന്ന്. ആ കമ്മിറ്റിയാണ് ഓരോ കൊല്ലത്തെ പ്രവർത്തനത്തിനും രൂപം നൽകുന്നത്. ആ കമ്മിറ്റിയിൽ നാഷണൽ ഹൈവേ ചീഫ് എൻജിനീയർ ഭിന്നാഭിപ്രായം പറഞ്ഞതായി എനിക്കറിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഇനി മറ്റു സ്ഥലങ്ങളിൽ വെട്ടിമാറ്റണമെന്ന് താഴെക്കിടയിലുള്ള ഉദ്യോഗസ്ഥൻ നിർദ്ദേശം കൊടുത്തിട്ടുണ്ടോയെന്നുള്ളതിനെപ്പറ്റി പരിശോധിക്കാം.

ശ്രീ. സി.ടി. കൃഷ്ണൻ : ഈ സംരക്ഷണം, അനുവേങ്ങളും വസ്തുതകളുമായി താരതമ്യപ്പെടുത്തി നോക്കുമ്പോഴും ഇപ്പറയുന്നതുപോലെ ഉണ്ടെന്ന് തോന്നുന്നില്ല. മരങ്ങളും വച്ചുപിടിപ്പിക്കുകയെന്നുള്ളതല്ലാതെ പ്രത്യേക സംരക്ഷണച്ചുമതലയൊന്നുമില്ല. അതുകൊണ്ട് ഇത് പഞ്ചായത്തുകളിലോ മുനിസിപ്പാലിറ്റികളിലോ അതാത് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലോ ഏൽപ്പിച്ച് (നിശ്ചിത കിലോമീറ്റർ ദൂരം) അവരവരുടെ പരിധിയിൽപ്പെടുന്ന സ്ഥലം സ്ഥിരമായി സംരക്ഷിക്കുന്നതിനാവശ്യമായ നടപടി എടുക്കുമോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : ഗവൺമെന്റ് ഉടമയിൽ വയ്ക്കുന്ന തൈകൾക്ക് ഇപ്പോൾ സംരക്ഷണത്തിന് കൂടുതൽ പ്രാധാന്യം നൽകിയിട്ടുണ്ട്. അതിനെല്ലാം നടപടിയുണ്ട്. ഗ്രാമപഞ്ചായത്തുകളുടെകൂടി സഹകരണം ഈ സാമൂഹ്യ വനവൽക്കരണ പ്രവർത്തനത്തിന് ഇപ്പോൾ തേടിയിട്ടുണ്ട്. ഏതെങ്കിലും പ്രത്യേകമായിട്ടുള്ള ഏരിയ തിരിച്ച് ഇന്ന ആൾക്ക് ഇന്നതാണ് എന്നുപറഞ്ഞ് കൊടുത്തിട്ടില്ല എന്നുമാത്രം. എല്ലാ സാമൂഹ്യ സംഘടനകളേയും പഞ്ചായത്തുകളേയും ഇതുമായി ബന്ധിപ്പിക്കുന്നുണ്ട്.

ശ്രീ. ടി. കെ. അബ്ദു : പഞ്ചായത്തുകളിലും ബ്ലോക്കുകളിലുമെല്ലാം വിതരണം ചെയ്യുന്നതിന് കൊടുത്ത വൃക്ഷത്തൈകളും വിതരണം ചെയ്യുന്നതിനുള്ള സംവിധാനം അവിടെ ഇല്ലാത്തതിന്റെ പേരിൽ അതെല്ലാം അവിടെ കിടന്ന് ചീഞ്ഞു നശിച്ചുപോയിയെന്നുള്ള വല്ല വിവരവും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : ബ്ലോക്കുകളുടെ നേതൃത്വത്തിലാണ് വൃക്ഷത്തൈകളും വിതരണം ചെയ്യുന്നത്. ജില്ലാകളക്ടർ വിളിച്ചുകൂട്ടി തയ്യാറാക്കുന്ന ആക്ഷൻ പ്ലാൻ അനുസരിച്ചാണ് വനം വകുപ്പിലെ ആൾക്കാർ ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ ഈ തൈകളും എത്തിക്കുന്നത്. ഞാൻ കഴിഞ്ഞ ആഴ്ച ചോദ്യത്തിന് ഉത്തരം പറഞ്ഞപ്പോഴും ഒന്നു രണ്ട് സ്ഥലങ്ങളിൽ നിന്ന് അവിടെ വിതരണം ചെയ്ത തൈകളും ഉപയോഗപ്പെടുത്തിയിട്ടില്ല എന്ന് റിപ്പോർട്ട് ഉണ്ട്. വ്യാപകമായിട്ട് അങ്ങനെ ഉള്ളതായി ഗവൺമെന്റിന് റിപ്പോർട്ടില്ല എന്നറിയിച്ചിട്ടുണ്ട്.

ശ്രീ. ടി. കെ. അബ്ദു : നാഷണൽ ഹൈവേയുടേയും പി. ഡബ്ലിയു. ഡി. റോഡിന്റേയും അരികിൽ പ്രത്യേകം കൂടുകളിൽ മുള്ളുവേലി കെട്ടി എത്ര വൃക്ഷത്തൈകളും വച്ചുപിടിപ്പിച്ചിട്ടുണ്ട് ; അങ്ങനെ വയ്ക്കുന്ന ഓരോ വൃക്ഷത്തിനും എന്ത് ചെലവ് വന്നിട്ടുണ്ടെന്നുള്ളതിനെ സംബന്ധിച്ച് ഗവൺമെന്റിന് വല്ല കണക്കുമുണ്ടോ ?

ശ്രീ. കെ.പി. നൂറുദ്ദീൻ : ഓരോ വൃക്ഷത്തിന്റേയും കണക്ക് ഇപ്പോൾ പറയാൻ കഴിയുകയില്ല. ഗവൺമെന്റുടമയിൽ വച്ച വൃക്ഷത്തൈകളുടെ അതിജീവന ശതമാനം ഞാൻ നേരത്തേ പറഞ്ഞു 1982-ൽ 54-ം; 1983-ൽ 57-ം ആണ്.

ശ്രീ. ജി. വരദൻ : மரம் நட்டு வளர்த்துவதில் சில பாரஸ்டு உத்தியோகஸ்தர்கள் அநியாயமாக கணக்கு எழுதி பணம் வாங்குகிறார்கள். அதைப் பொறுத்தவரையில் அமைச்சருக்கு விண்ணப்பம் கிடைத்துள்ளதா ; ஆமெனில் அவர்கள் மீது நடவடிக்கை எடுக்கப்பட்டுள்ளதா ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. നൂറുദ്ദീൻ : സോഷ്യൽ ഫോറസ്ട്രിയുടെ പ്രവർത്തനത്തിൽ ചില ക്രമക്കേടുകൾ നടന്നുവെന്ന് ആക്ഷേപങ്ങൾ കിട്ടിയിട്ടുണ്ട്. ആ ആക്ഷേപത്തിന് വിധേയരായ ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടിയെടുത്തിട്ടുണ്ട്. ആ നടപടി ഇപ്പോഴും തുടർന്നു വരികയുമാണ്.

ശ്രീ. ജി. വരദൻ : മരം നട്ടു വളർത്തും പോലെ തമിഴ്നാട്ടിൽ റോഡിന് ഇരുപക്കങ്ങളിലും പുളിയമരം നട്ടു വളർത്തിയിരുപ്പതുപോൽ നല്ല മരങ്ങൾ നടുവതിനു സർക്കാർ മുൻവരുമാ ?

ശ്രീ. കെ.പി. നൂറുദ്ദീൻ : പുളിമരം എല്ലാ സ്ഥലങ്ങളിലും നന്നാകുകയില്ല. ചില സ്ഥലങ്ങളിൽ പുളിമരം നന്നാകും. പാലക്കാട് പ്രദേശങ്ങളിൽ ചില സ്ഥലങ്ങളിൽ പുളിമരത്തിന്റെ തൈകൾ കൂടി വയ്ക്കുന്നുണ്ട്. തമിഴ്നാട്ടിൽ പുളിമരങ്ങൾ നന്നായിട്ടുണ്ട്. അത് മണ്ണിന്റെ ചില പ്രത്യേകതകൾ കൊണ്ടാണ്. കേരളത്തിന്റെ എല്ലാ സ്ഥലങ്ങളും അതിന് പറ്റിയതല്ല എന്നാണ് വിദഗ്ധാഭിപ്രായം.

ശ്രീ. ബെന്നി ബഹനാൻ : ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോൾ പൊതു സ്ഥലങ്ങളിൽ സർക്കാർ ഉടമയിൽ വച്ച വൃക്ഷത്തൈകൾക്കാണ് അതിജീവന ശതമാനം കൂടുതലുള്ളതെന്നു പറഞ്ഞു. ഇന്ന് കേരളത്തിലെ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും ഈ സാമൂഹ്യ വനവൽക്കരണ പരിപാടി നടപ്പിലാക്കിയിട്ടുണ്ട്. അത് എല്ലാ പഞ്ചായത്തുകളിലും നടപ്പാക്കുന്നതിനുവേണ്ടിയിട്ടുള്ള നിർദ്ദേശം കൊടുക്കുമോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : സാമൂഹ്യ വനവൽക്കരണ പരിപാടി കഴിയാവുന്നിടത്തോളം എല്ലാ പഞ്ചായത്തുകളിലേക്കും ഗ്രാമപ്രദേശങ്ങളിലേക്കും എത്തിക്കണമെന്നതാണ് ഗവൺമെന്റിന്റെ നയം. അത് എത്തിച്ചു കൊണ്ടിരിക്കുകയാണ്.

ശ്രീ. എസ്. ആർ. തങ്കരാജ് : ഈ സാമൂഹ്യവനവൽക്കരണത്തിന് പരിശോധനകൾ നടത്തിയിട്ടുണ്ടെന്ന് പറഞ്ഞു. ഈ പരിശോധന നടത്തുന്നതിന് എന്തു മാർഗ്ഗ നിർദ്ദേശമാണ് നൽകിയിട്ടുള്ളത് ? സാധാരണ റാൻഡം ചെക്കിംഗ് നടത്തും. ഈ സാമൂഹ്യവനവൽക്കരണത്തിന് റാൻഡം ചെക്കിംഗ് നടത്താൻ പ്രത്യേകമായിട്ട് പ്ലോട്ട്സ് സെലക്ട് ചെയ്തിട്ടുണ്ടോ ?

ശ്രീ. കെ.പി. നൂറുദ്ദീൻ : 1982-83 കാലഘട്ടങ്ങളിൽ 12,000-ൽപ്പരം സ്ഥലങ്ങൾ തെരഞ്ഞെടുത്താണ് സാമ്പിൾ പരിശോധന നടത്തിയിട്ടുള്ളത്.

ശ്രീ. കെ.പി.എ. മജീദ് : ഈ സാമൂഹ്യവനവൽക്കരണ പരിപാടിയുടെ ഭാഗമായി റോഡിന്റെ ഇരുവശവും വച്ചിട്ടുള്ള വൃക്ഷത്തൈകൾ വൈദ്യുത ലൈനിന്റെ ചുവട്ടിൽ ആയതുകൊണ്ട് ഇപ്പോൾ വളർന്നുവരുന്ന തൈകളെല്ലാം വെട്ടിമാറ്റിക്കൊണ്ടിരിക്കുകയാണ് എന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? ഉണ്ടെങ്കിൽ ഭാവിയിൽ ഇതൊഴിവാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : ആദ്യകാലങ്ങളിൽ വച്ച തൈകൾ വളർന്നു വരുന്നത് വൈദ്യുത ലൈനിന് കുഴപ്പമുണ്ടാക്കുന്നതരത്തിലാണെന്ന് പറഞ്ഞിട്ടുണ്ട്. ഇപ്പോൾ സമീപകാലങ്ങളിൽ വയ്ക്കുന്നതെല്ലാം പൊക്കം കൂടാത്ത മരങ്ങളാണ്. അത് പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മണിമംഗലത്തു കുട്ട്യാലി : വച്ചുപിടിപ്പിച്ച തൈകളും വളരെ ചെറുപ്പത്തിലേ നശിച്ചുപോകുന്നത് അതിനു വേണ്ടത്ര സംരക്ഷണം ലഭിക്കാത്തതുകൊണ്ടാണ്. അതിനു സംരക്ഷണം ലഭിക്കാനാവശ്യമായ എന്തു നടപടിയാണ് ഗവൺമെൻറ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : ഇന്നത്തെ നിലയിൽ റോഡ്സൈഡുകളിൽ വച്ചുപിടിപ്പിക്കുന്ന തൈകൾക്ക് വേലികെട്ടി സംരക്ഷണം കൊടുക്കുന്നുണ്ട്. മറ്റ് സ്ഥലങ്ങളിൽ കാലാകാലങ്ങളിലുള്ള സംരക്ഷണ പ്രവർത്തനങ്ങൾ നടത്തും. പൊതുവായി കുറച്ച് ഏരിയാ കൂടുതലുള്ള സ്ഥലങ്ങളിലാണ് ഇപ്പോൾ ഇത് നടന്നുവരുന്നത്.

പരമ്പരാഗത വ്യവസായങ്ങൾക്ക് ചെലവഴിച്ച സംഖ്യ

* 332. [358] ശ്രീ. ഒ. ഭരതൻ :
,, കോടിയേരി ബാലകൃഷ്ണൻ :
,, പി. സി തോമസ് (കടുത്തുരുത്തി) :
,, ടി. കെ. ആറുമുഖൻ :
,, കെ. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരമ്പരാഗത വ്യവസായങ്ങളെ തകർച്ചയിൽ നിന്നും രക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഇതിനുവേണ്ടി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും ചെലവഴിച്ച തുക എത്ര വീതം ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) :

(എ, ബി) വിവരങ്ങളടങ്ങിയ ഒരു കുറിപ്പ് മേശപ്പുറത്തു വച്ചിട്ടുണ്ട്. † അതിന്റെ കുറെ ഭാഗങ്ങൾ ഞാൻ വായിക്കാം.

മി. ഡെപ്യൂട്ടി സ്പീക്കർ : മുഴുവൻ വായിക്കണ്ട.

ശ്രീ. ഇ. അഹമ്മദ് : കയർ വ്യവസായത്തിന്റെ തകർച്ചക്ക് കാരണമായിട്ടുള്ള രണ്ട് പ്രധാന ഘടകങ്ങളും, സ്റ്റോക്ക് വിൽക്കാതെ കെട്ടിക്കിടക്കുന്നതും തൊണ്ടു കിട്ടാനുള്ള ബുദ്ധിമുട്ടുമായിരുന്നു. അതുകൊണ്ട് കയർ സംഘങ്ങളിൽ കെട്ടിക്കിടന്ന കയറും കയറുൽപ്പന്നങ്ങളും വാങ്ങുന്നതിന് കയർ മാർക്കറ്റിംഗ് ഫെഡറേഷന് ധനസഹായം നൽകിയിട്ടുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ : മുഴുവൻ വായിക്കണ്ട. പ്രധാനപ്പെട്ടവ പറഞ്ഞാൽ മതി.

ശ്രീ. ഇ. അഹമ്മദ് : കയറിന് ഗവൺമെൻറ് നൽകിയിട്ടുള്ള സഹകരണ വൽക്കരണപദ്ധതിക്കാവശ്യമായ മൂലധനനിക്ഷേപം, മാനേജീരിയൽ ഗ്രാൻറ്, ഫെഡറേഷന് വിൽപ്പനശാലകൾ തുടങ്ങുന്നതിനുള്ള ഗ്രാൻറ്, സംഘങ്ങൾക്ക് റാട്ട്, തറികൾ എന്നിവ വാങ്ങുന്നതിനുള്ള സാമ്പത്തികസഹായം, തൊണ്ടു സംഭരണം ശക്തിപ്പെടുത്താനാവശ്യമായ പുതിയ ലെവി സമ്പ്രദായം ഏർപ്പെടുത്തൽ, കയർ സഹകരണസംഘങ്ങളുടെ നഷ്ടം നികത്തുന്നതിനായുള്ള

† ലൈബ്രറിയിൽ സൂക്ഷിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly